"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട്/ വികസന ഫണ്ട് (ജനറൽ) എന്നിവ ഉപയോഗിച്ച് ജങ്കാറിന്റെ വാടക, ഇന്ധന ചെലവ് തുടങ്ങിയവ നൽകാൻ പ്രോജക്ട് ഏറ്റെടുക്കാൻ പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.441/2023/LSGD തീയതി,തിരുവനന്തപുരം, 21-02-2023

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.2023-ലെ 4.59 നമ്പർ തീരുമാനം.

**ഉത്തരവ്**

പെരുമ്പളം ഗ്രാമപഞ്ചായത്ത് വെള്ളത്താൽ ചുറ്റപ്പെട്ടതാണ്. ഗ്രാമപഞ്ചായത്തിൽ നിന്ന് വെളിയിലേയ്ക്കുള്ള ഗതാഗതം രണ്ടു ജങ്കാർ സർവ്വീസിലൂടെയാണ്. ജങ്കാറിൽ നിന്നുള്ള പ്രതിദിന വരുമാനം 35,000/- രൂപയും പ്രതിദിന ചെലവ് (ജങ്കാർ വാടക, ജീവനക്കാരുടെ വേതനം, ഇന്ധനം തുടങ്ങിയവ) 60,000/- രൂപയുമാണ്. കഴിഞ്ഞ വർഷത്തെ അധിക ബാധ്യത(നഷ്ടം) 17,63,675/- രൂപയാണ്. തനത് ഫണ്ട് വരുമാനം കുറവായതിനാൽ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) എന്നിവ ഉപയോഗിച്ച് 2021-22-ലെ ജങ്കാറിന്റെ വാടക, ഇന്ധന ചെലവ് തുടങ്ങിയവ നൽകാൻ 2022-23 വർഷം പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിൽ പരാമർശ പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അടുത്ത വർഷം മുതൽ ജങ്കാർ സർവ്വീസിന്റെ വരവിൽ നിന്നു തന്നെ ചെലവ് കണ്ടെത്താൻ നടപടിയെടുക്കണമെന്ന നിബന്ധനയോടെ തനത് ഫണ്ട്/ വികസന ഫണ്ട് (ജനറൽ) എന്നിവ ഉപയോഗിച്ച് 2021-22-ലെ ജങ്കാറിന്റെ വാടക, ഇന്ധന ചെലവ് തുടങ്ങിയവ നൽകാൻ 2022-23 വർഷം പ്രോജക്ട് ഏറ്റെടുക്കാൻ ഈ വർഷത്തേയ്ക്ക് മാത്രമായി പ്രത്യേകാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHERLI P
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പെരുമ്പളം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ,(ഓഡിറ്റ് I, ഓഡിറ്റ് II),കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ(ഡി.എ)വകുപ്പ് (അറിവിലേക്കായി)

ഡയറക്ടർ, ഐ&പിആർഡി/വെബ്&ന്യൂമീഡിയ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ആർ.സി3/70/2023/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M
Date: 21-02-2023 14:14:29

സെക്ഷൻ ഓഫീസർ